## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2388 — 11/10/2011 -ൽ മറുപടിക്ക്

## വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എയ്ഡഡ്/ സർക്കാർ മേഖലയിലെ വിദ്യാലയങ്ങളിൽനിന്നും വിദ്യാർത്ഥികൾ കൊഴിഞ്ഞ് പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് വിശദീകരണം നല്കാമോ; | (എ) | എയ്ഡഡ് /സർക്കാർ മേഖലയിലെ വിദ്യാലയങ്ങളിൽ നിന്നും കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് വളരെ കുറവാണ്. കഴിഞ്ഞ വർഷത്തെ കൊഴിഞ്ഞുപോക്കിന്റെ തോത് 0.51 ശതമാനം മാത്രമാണ്. |
| (ബി) | പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചു വരുന്നത് എന്ന് വിശദീകരിക്കാമോ; | (ബി) | പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി സൗജന്യ പാഠപുസ്തക വിതരണം, സ്കോളർഷിപ്പുകൾ, കാര്യക്ഷമമായ ഉച്ചഭക്ഷണ വിതരണം, ഗുണമേന്മാ വിദ്യാഭ്യാസ പരിപാടികൾ, ഐ.സി.റ്റി. സഹായത്തോടെയുള്ള പരിപാടികൾ, മെച്ചപ്പെട്ട അദ്ധ്യാപക പരിശീലന പരിപാടികൾ, സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, അവധിക്കാല ക്ലാസ്സുകൾ തുടങ്ങിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ ഹയർസെക്കണ്ടറി അധ്യാപക തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നത് വിദ്യാർത്ഥികളെ സാരമായി ബാധിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം അടിയന്തിര നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ; | | (സി), (ഡി), (ഇ) ആന്റ് (എഫ്)<br>വിവരം ശേഖരിച്ച് നല്കുന്നതാണ്. |

വരെ പ്രമോഷൻ നൽകി നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ആയതിലേയ്ക്ക് എന്തെല്ലാം മാനദണ്ഡങ്ങൾ ആണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കാമോ;

(എഫ്) ഹൈസ്കൂൾ വിഭാഗം അധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനായി 9-ാം ക്ലാസ്സുമുതൽ 12-ാം ക്ലാസ്സുവരെയുള്ള വിഭാഗം സംയോജിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ?

സെക്ഷൻ ഓഫീസർ